# KERALA STATE HAJ COMMITTEE

**HAJ HOUSE, P.O. CALICUT AIRPORT, MALAPPURAM Dist. KERALA – 673 647, Phone: 0483–2710717. Fax: 0483 -2717572.**

***Website: www.keralahajcommitte.org; E-mail:keralahajcommittee@gmail.com***

*Ref:* H2-456/Trainers/2015 *Date :* 29 -10-2014.

## ഹജ്ജ് – 2015- ട്രെയിനേർസിനുള്ള അപേക്ഷ ക്ഷണിച്ചു.

കരിപ്പൂർ : ഹജ്ജ് – 2015 ട്രെയിനർമാരായി പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താഴെ പറയുന്ന ജോലികൾ യാതൊരു പ്രതിഫലവും കൂടാതെ നിർവ്വഹിക്കാൻ താത്പര്യമുള്ളവർ **2014** നവംബർ **22** നകം എക്സി ക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി, കലിക്കറ്റ് എയർപോർട്ട്, പി.ഒ. മലപ്പുറം എന്ന വിലാസത്തിൽ നിശ്ചിത ഫോറത്തിൽ, പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അയക്കേണ്ടതാണ്. അപേക്ഷ ഫോറത്തിന്റെ മാതൃക www.keralahajcommittee.org എന്ന വിലാസത്തിൽ ലഭ്യമാണ്. നിശ്ചിത ഫോറത്തിലല്ലാത്ത അപേക്ഷകളും അവ്യക്തവും അപൂർണ്ണവുമായ അപേക്ഷകളും നിശ്ചിത തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.

**ട്രെയിനേഴ്സിനുള്ള ചുമതലകൾ**

1) ഹജ്ജ് അപേക്ഷകർക്ക് വേണ്ടുന്ന എല്ലാ മാർഗ നിർദ്ദേശങ്ങളും നൽകലും അപേക്ഷയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും കൃത്യമായും സമയബന്ധിതമായും ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ എത്തിക്കാനാവശ്യമായ നിർദേശങ്ങൾ നൽകലുമാണ് പ്രഥമവും പ്രധാനവുമായ കർത്തവ്യം. ഹജ്ജ് അപേക്ഷ ലഭ്യമാക്കലും പൂരിപ്പിച്ച് നൽകലും വേണ്ട രേഖകളെക്കുറിച്ച് വിവരം നൽകലുമെല്ലാം ഇതിലുൾപ്പെടും.

ഹജ്ജിന്റെ അപേക്ഷ നൽകാനുദ്ദേശിക്കുന്നവർക്കുള്ള ക്ലാസ്സ് അവരവർക്ക് നിശ്ചയിക്കുന്ന സ്ഥലത്ത് സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സഹായത്തോടെ നടത്തുക.

2) ഹജ്ജിന് സെലക്ഷൻ ലഭിച്ചവർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ സമർപ്പിക്കുന്നതിനും മറ്റും സഹായിക്കുകയും തെരഞ്ഞെടുക്കപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടെയും സഹായത്തോടെ മൂന്ന് ഘട്ടങ്ങളിലായി പരിശീലന ക്ലാസ്സുകൾ നൽകുകയും മെഡിക്കൽ ക്യാമ്പും കുത്തിവെപ്പ് ക്യാമ്പും സംഘടിപ്പിക്കുകയും ചെയ്യുക.

3) ഹജ്ജ് യാത്രക്ക് വേണ്ടുന്ന തയ്യാറെടുപ്പ് നടത്താൻ സഹായിക്കുകയും ഹജ്ജ് കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ ഹാജിമാരെ അറിയിക്കുകയും ചെയ്യുക.

(ഒപ്പ്)

ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി